അതാണ് ക്രിസ്തുമതത്തിന് അടിത്തറയായി മാറിയതെന്നും” ഗ്രന്ഥകർത്താവ് പറയുന്നു (പേജ് 117). അപ്പോൾ വ്യക്തമായ ഒരു ചോദ്യമുയരുന്നു. ചരിത്രത്തിലെ യേശു ആരായിരുന്നു? അദ്ദേഹത്തിന് രാഷ്ട്രീയമോ അല്ലാത്തതോ ആയ ഒരു രക്ഷാകര പദ്ധതിയുണ്ടായിരുന്നോ? ഈ കാര്യങ്ങളിന്ന് ലോകത്ത് ഏറ്റവും വലിയ ചർച്ച നടക്കുന്ന വിഷയമാണ്. ഇക്കാര്യത്തിൽ ഗ്രന്ഥകർത്താവിന്റെ അഭിപ്രായം കുറച്ചുകൂടി വ്യക്തമായി പുസ്തകത്തിൽ സൂചിപ്പിക്കുന്നത് നന്നായിരുന്നേനെ എന്നു തോന്നുന്നു.

ജാതി- മത- വംശ ഭിന്നതകൾക്കു പരിയായി എല്ലാ മനുഷ്യരും ഒന്നാണ്, ദൈവമക്കളാണ് എന്ന മനുഷ്യസാഹോദര്യത്തിന്റെ ആശയം വിളംബരം ചെയ്ത ക്രിസ്തുമതത്തിന്റെ, വീണും എഴുന്നേറ്റുമുള്ള ചരിത്രത്തിലൂടെയുള്ള പ്രയാണത്തെ കരുണയോടെയും സഹഭാവത്തോടെയും നോക്കിക്കാണുമ്പോൾത്തന്നെ, ഒരിടത്തും പക്ഷപാതത്തിന്റെ മഞ്ഞക്കണ്ണട തന്റെ കാഴ്ചകൾക്ക് നിറം നൽകാതെ നോക്കാനും ബോബി തോമസിനു കഴിഞ്ഞിരിക്കുന്നു എന്നത് തികച്ചും പ്രശംസനീയമാണ്. ചരിത്രസംഭവങ്ങളുടെ വരണ്ട വർണ്ണനയൊഴിവാക്കിക്കൊണ്ടും എന്നാൽ സുപ്രധാന സംഭവങ്ങളെല്ലാം ഉൾപ്പെടുത്തിയുമുള്ള സവിശേഷ വിഷയപരിചരണം പുസ്തകത്തിന് നല്ല വായനാസുഖം നൽകുന്നുമുണ്ട്. തങ്ങളാരാണ്? എന്താണ്? എന്തായിരുന്നു? എന്നതിനെക്കുറിച്ച് വലിയ അറിവൊന്നുമില്ലാത്ത കേരളത്തിലെ ക്രിസ്ത്യാനികളും ക്രിസ്തുമതത്തെക്കുറിച്ചും കേരളത്തിലെ ക്രൈസ്തവരെക്കുറിച്ചും സാമാന്യവിവരം ആർജിക്കാനാഗ്രഹിക്കുന്ന ഇതര മതസ്ഥരും അവശ്യം വായിച്ചിരിക്കേണ്ട പുസ്തകമാണിത് എന്ന കാര്യത്തിൽ തർക്കമില്ല.

(ക്രിസ്ത്യാനികൾ- ക്രിസ്തുമതത്തിനൊരു കൈപ്പുസ്തകം/ ബോബി തോമസ്/ ഡി.സി. ബുക്സ്/ വില: 290 രൂപ)

**പി.ജെ. ബേബി**
പുത്തൻപുരയ്ക്കൽ ഹൗസ്,
നെടുപുഴ പി.ഒ.
തൃശൂർ- 680007
9605553986

# പുസ്തകവിചാരം

# ദൈവത്തിന്റെ കൈയൊപ്പ്

## ചുനക്കര ജനാർദനൻ നായർ




**കാവൽക്കാരുടെ സങ്കീർത്തനങ്ങൾ**
***കാരൂർ സോമൻ***
മീഡിയ ഹൗസ്
വില: 50 രൂപ

ശരീരത്തിൽ ആത്മാവുള്ളതുപോലെ കാവ്യരചനയിലും ആത്മാവുണ്ട്. ആ കാവ്യത്തിന്റെ ആത്മാവാണ് അല്ലെങ്കിൽ സൗന്ദര്യമാണ് ആസ്വാദക ഹൃദയങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നത്. ശാസ്ത്ര-സാഹിത്യകാരൻ കാരൂർ സോമന്റെ ‘കാവൽക്കാരുടെ സങ്കീർത്തനങ്ങൾ’ എന്ന നോവലിൽ, ആത്മാവിലുറച്ച ഒരു ക്രിസ്തീയ പുരോഹിതന്റെ സത്യാനുഷ്ഠാന യാത്രയാണ് വായനക്കാർക്കായി തുറന്നിടുന്നത്. ലോകമെമ്പാടും ആത്മീയതയുടെ അടിത്തറയ്ക്ക് ഇളക്കമുണ്ടായി; ഭൗതികമായ ജീവിത നേട്ടങ്ങളിൽ മനുഷ്യർ മുന്നേറുന്നു. മനുഷ്യർ ഈശ്വരനിൽ നിന്ന് അകലാൻ പ്രധാനപ്പെട്ട കാരണം സ്വാർഥതയാണ്. ഭാരതത്തിന്റെ ചരിത്രമെടുത്താൽ, ആത്മാവിൽ ആത്മനിയന്ത്രണത്തോടെ തപസനുഷ്ഠിച്ചിരുന്ന ഒരു സന്യാസസമൂഹമുണ്ടായിരുന്നു. ഇന്ന് അതൊക്കെ എത്രയോ ദൂരത്താണെന്നറിഞ്ഞ് നെടുവീർപ്പിടുന്നു. മനുഷ്യന്റെ ചിന്തകൾ, പ്രാർഥന, ആരാധന ഇവയെല്ലാം ഭൗതികമായ, സുഖലോലുപമായ ഓളങ്ങളിൽപ്പെട്ടുഴലുന്നു.

ലോകത്തിന്റെ പല ഭാഗങ്ങളിൽ, പ്രത്യേകിച്ചും യൂറോപ്പിൽ, മനുഷ്യർ ദേവാലയങ്ങളിൽ നിന്ന് അകന്നുകൊണ്ടിരിക്കുമ്പോഴാണ് ആത്മീയ ജീവിതത്തിൽ നിന്നകന്ന് ആത്മാവിൽ ജീവിക്കുന്ന ലാസർ മത്തായി എന്ന പുരോഹിതനെ എഴുത്തുകാരൻ ആത്മാവിൽ പെയ്തിറങ്ങുന്ന ആത്മീയ സംഗീതം പോലെ വായനക്കാർക്കായി കാഴ്ച വയ്ക്കുന്നത്. അദ്ദേഹത്തെ നാട്ടുകാർ വിളിക്കുന്നത് കത്തനാർ എന്നാണ്. ഒരു

ക്രിസ്തീയ സഭയുടെ കീഴിലുള്ള അനാഥരായ അഗതികൾ നിറഞ്ഞ, അംഗവൈകല്യ സ്ഥാപനങ്ങളുടെ ചുമതലയിൽ ഇരിക്കുമ്പോഴാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാവിനെ, ധാർമിക മൂല്യങ്ങളെ തിരികെ കൊണ്ടുവരാൻ അദ്ദേഹത്തെ ലണ്ടനിലേക്ക് അയയ്ക്കുന്നത്. ലണ്ടനിലെ ഹിദ്രൂ എയർ പോർട്ടിൽ നിന്ന് കത്തനാരെ കൊണ്ടു പോകുന്നത് ഇടവക സെക്രട്ടറിയായ സീസർ ബർണാഡ് കസ്തൂരി മഠത്തിന്റെ മനോഹരമായ ബംഗ്ലാവിലേക്കാണ്. പരസ്പരം പരിചയപ്പെട്ട സീസർ കത്തനാരെ കൊണ്ടു പോയത് ബംഗ്ലാവിന്റെ അടിത്തട്ടിലുള്ള മദ്യഷാപ്പിലേക്കും. വൈൻകപ്പും ഗ്ലാസുകളും മുന്നിൽ കണ്ടപ്പോൾ ആ ഇരുണ്ട മുറി പോലെ തന്നെ കത്തനാരുടെ മനസ്സും ഇരുണ്ടു. കത്തനാരുടെ ഗ്ലാസിലേക്ക് മദ്യം പകരാൻ ഒരുങ്ങിയപ്പോൾ തടഞ്ഞിട്ട് പറഞ്ഞു: "എനിക്കു വേണ്ട പ്ലീസ്, ഞാനിതു കഴിക്കാറില്ല." മനസ്സുപോലെ സ്വന്തം ഭവനവും അശുദ്ധിയിലെന്നു പറയണമെന്ന് തോന്നിയെങ്കിലും കത്തനാർ ഒന്നും മിണ്ടിയില്ല. സീസർ അറിയിച്ചു. "ഇവിടുന്നു പോയ ഫാദർ മാത്യുവും ഇതടിക്കാൻ എന്റെയടുക്കൽ വരുമായിരുന്നു." കത്തനാരുടെ മുഖം മഞ്ഞളിച്ചു. വെള്ളക്കുപ്പായം ഒന്നുകൂടി വിയർത്തു.

സാഹിത്യസൃഷ്ടികൾ ആസ്വാദകഹൃദയങ്ങളിൽ അനിർവചനീയമായ ആനന്ദാനുഭൂതി പ്രദാനം ചെയ്യുന്നതുപോലെ കത്തനാരുടെ പ്രാർഥനാ കൂട്ടങ്ങളിൽ ആത്മീയാനന്ദം അനുഭവിക്കാൻ ധാരാളം പേർ എത്തിക്കൊണ്ടിരുന്നു. കത്തനാരിൽ ഈശ്വരസാന്നിധ്യം നിറഞ്ഞ പരിശുദ്ധവും പരിപാവനവുമായ ബ്രഹ്മം തന്നെയെന്ന് രോഗസൗഖ്യത്തിനായിട്ടെത്തുന്ന വിവിധ മതസ്ഥരും സാക്ഷ്യപ്പെടുത്തുന്നു. മലയാള നോവലിൽ ഈ കത്തനാർ വേറിട്ടു നിൽക്കുന്ന ഒരു കഥാപാത്രമാണ്. അതുകൊണ്ടു തന്നെയാണ് സുന്ദരമായ ഒരു വായനാനുഭവമായി നോവൽ മാറുന്നത്. ഇടവക ഭാരവാഹികൾ കത്തനാരെ നാടു കടത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നു. അവർക്കു കൂട്ടായി സഭാ നേതൃത്വവുമുണ്ട്. കേരളത്തിൽ ചില സഭാതലവന്മാരെങ്കിൽ; ഇവിടെ ഒരു കൂട്ടർ യേശുക്രിസ്തുവിനെ തടങ്കലിൽ പാർപ്പിച്ചിരിക്കയെന്ന് കത്തനാർ തിരിച്ചറിയുന്നു. വീര്യമേറിയ വീഞ്ഞിന്റെ ലഹരി നുണഞ്ഞിരുന്നെങ്കിൽ ഈ ലോകത്തിന്റെ എല്ലാ സൗന്ദര്യവും ഊറ്റിയെടുക്കാൻ കത്തനാർക്കും കഴിയുമായിരുന്നു. കത്തനാരുടെ മുന്നിൽ മുട്ടുമടക്കാൻ സീസറും കൂട്ടരും തയാറല്ലായിരുന്നു. രോഗികളും മനോവ്യഥകൾ അനുഭവിക്കുന്നവരും കത്തനാരുടെ മുന്നിൽ മുട്ടുമടക്കുന്നത് വിദ്വേഷത്തോടെയാണവർ കണ്ടത്. കത്തനാർ അവരോടു പറഞ്ഞത്: "പ്രാർഥന ഈ ലോകത്തിന്റെ സൗന്ദര്യസിന്ദൂരമാണ്. ആ സിന്ദൂരം ചാർത്തുന്നവരൊക്കെ രക്ഷ പ്രാപിക്കും." മറ്റൊരിക്കൽ അദ്ദേഹം വിശ്വാസികളോട് അറിയിച്ചത് "ക്രിസ്തുവിനെയറിയാൻ ക്രിസ്ത്യാനിയാകണമെന്നില്ല. യേശുക്രിസ്തുവിനു മുൻപുള്ള ഇന്ത്യാക്കാർ ആരാണ്? എന്നാണ് ക്രിസ്ത്യാനികളും മുസ്ലീമുമുണ്ടായത്? നമ്മുടെ രക്തത്തിലൊഴുകുന്നത് ഹിന്ദുവിന്റെ രക്തമാണ്." ഇതുപോലുള്ള അദ്ദേഹത്തിന്റെ വാക്കുകൾ സീസർക്കും കൂട്ടർക്കും ഉൾക്കൊള്ളാനായില്ല. അവരിൽ പരിഭ്രാന്തിയുണ്ടാക്കിക്കൊണ്ടിരുന്നു. കാലാകാലങ്ങളിലായി സഭയ്ക്ക് സാമ്പത്തിക സഹായം നൽകുന്നവരെ പിണക്കാൻ സഭാനേതൃത്വം തയാറായിരുന്നില്ല. കത്തനാരെ കേരളത്തിലേക്കു മടക്കി വിളിക്കാൻ അവർ തീരുമാനിച്ചു. കേരളത്തിലേക്ക് മടങ്ങിപ്പോകുന്നതിനു മുമ്പായി കത്തനാർ ഒരു ഹൈന്ദവ സഹോദരന് സ്വന്തം വൃക്ക ദാനമായി നൽകുകയുണ്ടായി. ഏറെ ഹൃദയവേദനയോടെയാണ് വിശ്വാസികൾ കത്തനാർക്ക് യാത്രയയപ്പു നൽകിയത്. ആത്മീയ ജീവിതത്തിന്റെ നഗ്നവും ദാരുണവുമായ അനുഭവ പാഠങ്ങളാണ് ഈ നോവൽ നൽകുന്നത്.

**ചുനക്കര ജനാർദനൻ നായർ**
ചുനക്കര പി.ഒ.
ആലപ്പുഴ 690543

കൈരളി ബുക്സ്

ചരിത്രമായി മാറിയ ജീവചരിത്രഗ്രന്ഥം...

ഒരു വ്യാഴവട്ടമായി വായനക്കാർ നിരന്തരം ആവശ്യപ്പെടുന്ന, ജീവചരിത്ര വില്പനയിലും ചരിത്രമായ, ഇ.എം.എസിന്റെ ജീവിതം, ഇനിയും പറയാത്ത മുഹൂർത്തങ്ങളും അസുലഭ ചിത്രങ്ങളും കൂട്ടിച്ചേർത്ത് നവീകരിച്ച പതിപ്പ്



മുഖവില ₹:750.00

അറിയപ്പെടാത്ത ഇ.എം.എസ്
അപ്പുക്കുട്ടൻ വള്ളിക്കുന്ന്



കേരളത്തിലെ പ്രമുഖ ബുക്സ്റ്റാളുകളിൽ പുസ്തകം ലഭ്യമാണ്.
തപാൽ/കൊറിയർ വഴി ലഭിക്കുവാൻ വിളിക്കുക:
8606905639

കൈരളി ബുക്സ്
പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ്
താളിക്കാവ് റോഡ്, കണ്ണൂർ-1, ഫോൺ : 04972761200
ബ്രാഞ്ചുകൾ : എംജി. റോഡ്, തൃശ്ശൂർ, ഫോൺ : 8606905632
റോള സ്ക്വയർ പാർക്ക്, എൻട്രൻസ് ഗേറ്റിന് എതിർവശം, ഷാർജ, U.A.E., ഫോൺ : 0527102421, 0507246141
kairalibooksknr@gmail.com akammasika@gmail.com
www.kairalibooksonline.com
പുസ്തക പ്രസാധനരംഗത്ത് ഒരു വടക്കൻ പെരുമ